# കോട്ടയം ഭദ്രാസനം: പതിമൂന്ന് ദശാബ്ദങ്ങളിലൂടെ

**തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത**

**മ**ലങ്കര സുറിയാനി സഭയുടെ ചരിത്രത്തിലും വളർച്ചയിലും നിർണ്ണായകമായ സ്ഥാനം നേടിയെടുത്ത പ്രദേശമാണ് കോട്ടയം. കേരളത്തിലെ പുരാതന ക്രൈസ്തവ സഭകളുടെ സംഗമസ്ഥാനം എന്നത് കോട്ടയത്തിന്റെ മഹിമയ്ക്ക് മാറ്റു കൂട്ടുന്നു. എ.ഡി. 1813 ൽ പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് ഒന്നാമൻ കോട്ടയത്ത് സിറിയൻ സെമിനാരി (പഴയ സെമിനാരി) സ്ഥാപിച്ചതോടെയാണ് കോട്ടയം സുറിയാനി സഭാചരിത്രത്തിൽ പ്രഥമ സ്ഥാനം നേടിയത്. കുന്നംകുളം മുതൽ കൊല്ലംവരെയായിരുന്നു പ്രധാനമായും സുറിയാനി ക്രിസ്ത്യാനികൾ നിവസിച്ചിരുന്നത്. ഈ പ്രദേശങ്ങളുടെ മധ്യഭാഗം എന്ന നിലയിലായിരിക്കണം കോട്ടയം സെമിനാരി സ്ഥാപനത്തിനായി തെരഞ്ഞെടുക്കപ്പെട്ടത്. ഇതോടെ മലങ്കര സുറിയാനി സഭാദ്ധ്യക്ഷന്റെ ആസ്ഥാനം എന്ന പദവി കോട്ടയത്തിന് ലഭ്യമായി.

16–ാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ക്രൈസ്തവ സമൂഹം കോട്ടയത്തും സമീപ പ്രദേശങ്ങളിലും താമസമാരംഭിച്ചു എന്നാണ് ചരിത്രം. അക്കാലത്തുതന്നെ കോട്ടയത്ത് ആരാധനാലയവും പണികഴിപ്പിച്ചു. ആദ്യമായി കോട്ടയത്ത് സ്ഥാപിതമായത് കോട്ടയം വലിയ പള്ളിയാണ്. തുടർന്ന് വലിയ പള്ളിക്ക് സമീപം ചെറിയ പള്ളി സ്ഥാപിച്ചു. വലിയ പള്ളി ക്നാനായക്കാരും, ചെറിയപള്ളി സുറിയാനിക്രിസ്ത്യാനികളും ഉപയോഗിച്ചു വന്നു. പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് രണ്ടാമൻ, കോട്ടയത്ത് പട്ടണത്തിൽ എം.ഡി. സെമിനാരി സ്ഥാപിച്ചു. വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയിരുന്ന തിരുമേനി ഒരു സ്കൂളും സ്ഥാപിച്ചു. എം.ഡി. സെമിനാരി കോമ്പൗണ്ടിന്റെ ഒരു ഭാഗത്താണ് മനോരമ പത്രത്തിന്റെ അച്ചുകൂടം സ്ഥാപിച്ചത് (ഇന്നും മനോരമയുടെ കേന്ദ്ര ഓഫീസ് ഇവിടെ സ്ഥിതി ചെയ്യുന്നു). എം.ഡി. സെമിനാരി വളപ്പിൽ പരി. പരുമല തിരുമേനി കൂദാശ ചെയ്ത് സ്ഥാപിച്ചതാണ് മോർ ഏലിയാ ചാപ്പൽ.

മാർത്തോമ്മാ സഭയുമായുള്ള കേസിൽ വിജയിച്ചതോടെ യാക്കോബായ സുറിയാനി സഭയുടെ പ്രധാന ആസ്ഥാനം കോട്ടയം ആയി മാറി. പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് രണ്ടാമൻ കോട്ടയത്ത് താമസിച്ചാണ് മലങ്കര സഭ ഭരിച്ചത്. അദ്ദേഹത്തിന്റെ കാലശേഷവും അപ്രകാരം തുടർന്നു. വട്ടശേരിൽ തിരുമേനിയുടെ മുടക്കും 1912 ലെ അനധികൃത കാതോലിക്കേറ്റ് പുനഃസ്ഥാപനവും മലങ്കരയിൽ പുതിയ വ്യവഹാര പരമ്പരയ്ക്ക് തുടക്കം കുറിച്ചു. ഇതോടെ ബാവാ–മെത്രാൻ പക്ഷക്കാരുടെ ആസ്ഥാനം (കൂറിലോസ് തിരുമേനിയുടെ കാലംവരെ കോട്ടയം ബാവാ കക്ഷിക്കാരുടെ ആസ്ഥാനമായി തുടർന്നു. പിന്നീട് ആലുവ സെമിനാരി സഭാ കേന്ദ്രമായി) എന്ന നിലയിൽ കോട്ടയത്തിന് ഒരു വിവാദപരിവേഷം ഉണ്ടായി. ദൗർഭാഗ്യവശാൽ ഇന്നും അപ്രകാരം തുടർന്നുവരുന്നു.

## കോട്ടയം ഭദ്രാസന രൂപീകരണം

പാലക്കുന്നത്ത് മോർ അത്താനാസ്യോസ് സഭയിലെ നവീകരണ വിഭാഗക്കാരോട് ആഭിമുഖ്യം പ്രകടിപ്പിച്ചപ്പോൾ മലങ്കരസഭ കണ്ട പോംവഴി പുലിക്കോട്ടിൽ ജോസഫ് കശീശയെ അന്ത്യോഖ്യായിലേക്കയച്ച് മെത്രാനാക്കുക എന്നതായിരുന്നു. പുലിക്കോട്ടിൽ

syrianchurch.org

തിരുമേനി മലങ്കരയിൽ എത്തി എങ്കിലും സഭയുടെ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാതെ വന്നു. പാലക്കുന്നത്ത് തിരുമേനിക്ക് ലഭിച്ചിരുന്ന രാജകീയ വിളംബരത്തിന്റെ പിൻബലത്തിലായിരുന്നു ഇപ്രകാരം സംഭവിച്ചത്.

അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളിയ പരി. പത്രോസ് തൃതീയൻ ബാവാ ലണ്ടനിൽ എത്തി രാജ്ഞിയെ സന്ദർശിച്ചു. ഇതിന്റെ ഫലമായി പാലക്കുന്നത്ത് തിരുമേനിക്ക് ലഭ്യമായ രാജകീയ വിളംബരം പിൻവലിപ്പിക്കാൻ സാധിച്ചു. പരി. പത്രോസ് പാത്രിയർക്കീസ് ബാവാ മലങ്കരയിലെത്തി മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു കൂട്ടി ജനായത്ത ഭരണത്തിന് അടിത്തറ പാകി. മലങ്കരയുടെ മെത്രാപ്പോലീത്തയായി പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസിനെ തെരഞ്ഞെടുത്തു.

മലങ്കരയിലെ പ്രശ്നങ്ങൾക്ക് കാരണം ഏക മെത്രാന്റെ ഭരണമാണെന്ന് ബോധ്യപ്പെട്ട പരി. പത്രോസ് പാത്രിയർക്കീസ് ബാവാ മലങ്കരയെ ഏഴ് ഭദ്രാസനങ്ങളായി വിഭജിച്ചു (അങ്കമാലി, കണ്ടനാട്, കൊച്ചി, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം). ഈ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താമാരായി 6 പേരെ വാഴിച്ചു ധകടവിൽ മോർ അത്താനാസ്യോസ്, കോനാട്ട് മോർ യൂലിയോസ്, കരവട്ട് വീട്ടിൽ മോർ ദിവന്നാസ്യോസ്, മുറിമറ്റം മോർ ഈവാനിയോസ്, അമ്പാട്ട് മോർ കൂറിലോസ്, ചാത്തുരുത്തി മോർ ഗ്രീഗോറിയോസ് (പ. പരുമല തിരുമേനി) എ.ഡി. 1877–ൽ കോട്ടയത്തും പരിസര പ്രദേശങ്ങളിലുമുള്ള 20 പള്ളികൾ ഉൾപ്പെടുത്തിക്കൊണ്ട് പരി. പത്രോസ് തൃതീയൻ ബാവാ കൽപ്പന പുറപ്പെടുവിച്ചു. ഇതോടെ കോട്ടയം ഭദ്രാസനം ഔദ്യോഗികമായി നിലവിൽ വന്നു.

കോട്ടയം മർത്തമറിയം, കോട്ടയം വലിയപള്ളി, കോട്ടയം പുത്തൻപള്ളി, കോട്ടയം ചാപ്പൽ, ചെങ്ങളം, പുതുപ്പള്ളി, വാകത്താനം, പുതുശേരി, വാകത്താനം പുത്തൻപള്ളി, പള്ളം, പള്ളം പുത്തൻപള്ളി, കുറിച്ചി, വെളിയനാട്, കല്ലുങ്കത്ര, കുമരകം, മണർകാട്, പാമ്പാടി, നാലുന്നാക്കൽ, തോട്ടയ്ക്കാട്, നീലംപേരൂർ എന്നീ ദേവാലയങ്ങളാണ് പ്രാരംഭകാലത്ത് ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്നത്. മലങ്കരയുടെ ഭരണാധിപന്മാരായിരുന്ന അർക്കദിയാക്കോന്മാരുടെ ആസ്ഥാനമായിരുന്ന അങ്കമാലിക്കും മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളി എന്ന നിലയ്ക്ക് നിരണത്തിനും ഉണ്ടായിരുന്ന പ്രാധാന്യം ക്രമേണ കോട്ടയം കൈവരിച്ചു. മലങ്കരയിലെ കക്ഷിമത്സരങ്ങൾ കോട്ടയം ഭദ്രാസനത്തെയും ബാധിച്ചു എന്നതിൽ തർക്കമില്ല. ഇതുമൂലം ഭദ്രാസനത്തിന്റെ പുരോഗതിയെ പിന്നിലേക്ക് വലിച്ചുവെങ്കിലും സത്യവിശ്വാസികളായ ഭൂരിപക്ഷം ജനങ്ങളും ഇന്നും പരി. അന്ത്യോഖ്യാ സിംഹാസന ഭക്തരായി തുടരുന്നു. പിന്നിട്ട 13 ദശാബ്ദങ്ങൾ കോട്ടയം ഭദ്രാസനത്തെ സത്യവിശ്വാസികളുടെ കോട്ടയാക്കി മാറ്റിയിരിക്കുന്നു. പരിശുദ്ധ സഭയ്ക്ക് ശക്തിസ്രോതസ്സായി ഈ ഭദ്രാസനം നിലകൊള്ളുന്നത് ഭദ്രാസനത്തിലെ ഒരോ അംഗത്തിനും അഭിമാനത്തിനു വക നൽകുന്ന വസ്തുതയാണ്. ഭദ്രാസനത്തിനുവേണ്ടി ആവിഷ്കരിക്കുന്ന പ്രവർത്തന പദ്ധതികളിൽ ഒരോ ഇടവകയും സഹകരിക്കുന്നതിലുള്ള നന്ദിയും സ്നേഹവും ഈ സന്ദർഭത്തിൽ അറിയിക്കുന്നു. തുടർന്നുള്ള എല്ലാ കാര്യങ്ങളിലും ഏവരുടേയും സഹകരണമുണ്ടായി ഭദ്രാസനത്തിന്റെ വളർച്ചയിൽ ഏവരും ഉത്സുകരാകണമെന്ന് പൈതൃകമായി ഉദ്ബോധിപ്പിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും എല്ലാവരോടും കൂടെ, എല്ലാ പ്രവർത്തനങ്ങളോടും കൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

SyrianChurch.org

*Source: Kottayam Diocese Souvenir, 2007*